കളിപ്പായ്കയിലെ ചെളിനീക്കുന്ന ജോലി ഇറിഗേഷൻ വകുപ്പാണ് ഏറ്റെടുത്തിരിക്കുന്നത്. അതിന് ഒരുകോടി രൂപയ്ക്കുള്ള പ്രവർത്തിക്ക് എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞു. മഴയായതുകൊണ്ട് ഇപ്പോഴം പ്രവർത്തിക്കാൻ കഴിയുന്നില്ല. മഴ കഴിഞ്ഞ ഉടനെ തന്നെ ആ പ്രവർത്തനങ്ങം പൂർത്തീകരിക്കാൻ കഴിയും. കോഴിക്കോട് മിഠായിത്തെരുവിന്റെ കാര്യം, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അവിടെയുള്ള കച്ചവടക്കാർ തന്നെ എതിർത്തിരിക്കുകയാണ്. ഒരു കോടി രൂപ ടൂറിസം ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ട് രണ്ടു കൊല്ലത്തോളമായി. പക്ഷേ ഈ കച്ചവടക്കാരുടെ എതിർപ്പുമൂലം ആ തുക ചെലവഴിക്കാൻ പറ്റാത്ത സ്ഥിതിയാണ്. അതുകൊണ്ട് ഞാൻ കോഴിക്കോട് കോർപ്പറേഷൻ മേയറോടും ബഹുമാനപ്പെട്ട എം. എൽ. എ.-മാരോടും ആവശ്യപ്പെട്ടിരിക്കുന്നത് 4-ാം തീയതി യോഗം വിളിച്ചുകൂട്ടി ഇതിന്റെ അന്തിമമായ മറുപടി അവർ നൽകണം. സമ്മതമാണെങ്കിൽ ആ പദ്ധതിയുമായി മുന്നോട്ടുപോകും. സമ്മതമല്ലെങ്കിൽ അത് ഉപേക്ഷിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

(16) ചാരായത്തൊഴിലാളികളുടെ തൊഴിലില്ലായ്മ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, കേരളത്തിലെ ചാരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട ഒരു സംവേദനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോഴം അതുവഴി തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് പുനരധിവാസം കൊടുക്കാമെന്നുള്ളത് സർക്കാരിന്റെ വാക്കാണ്. അത് നിറവേറ്റുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ആ ആക്ടിൽ ഭേദഗതി വരുത്തി, റൂൾസിൽ ഭേദഗതി വരുത്തി, ഈ തൊഴിലാളികൾക്ക് പുനർനിയമനം കൊടുക്കണമെന്ന് വ്യവസ്ഥചെയ്തുകൊണ്ട് കള്ളുഷാപ്പുകം ലേലം ചെയ്തു കൊടുത്തിട്ടുപോലും ആ നടപടികം പൂർത്തീകരിക്കാൻ കേരളത്തിനു കഴിഞ്ഞില്ല. റൂൾസിൽ വരുത്തിയ ഭേദഗതിക്കെതിരെ ഇപ്പോഴം സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുകയാണ്. അതുകൊണ്ട് സർക്കാരിന്റെ ഒരു നടപടിയും ഫലപ്രദമാകാത്ത ഒരവസ്ഥയുണ്ട്. സുപ്രീംകോടതിയിലെ കേസിൽ ഒരു സീനിയർ ഗവൺമെന്റ് പ്ലീഡറെവച്ച് ആ കേസ് വാദിച്ച് അവർക്കനുകൂലമായ വിധിയുണ്ടാക്കുകയും മാത്രമല്ല, എന്നത്തേയ്ക്കുമായി ഈ തൊഴിലാളികളുടെ പ്രശ്നം അവസാനിപ്പിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. വി. ആർ. എസ്. പോലുള്ള എന്തെങ്കിലും ഒരു പദ്ധതി കൊണ്ടുവന്ന് ഇവർക്ക് സാമ്പത്തിക സഹായം കൊടുത്തെങ്കിലും ഇവരെ സംരക്ഷിക്കാനുള്ള നടപടിയുണ്ടാക്കി അവരുടെ കേസ് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മുൻകൈ എടുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ തൊഴിലാളികളെ കള്ളുഷാപ്പുകളിൽ എടുക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റ് തീരുമാനമുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 4015 പേർക്ക് നിയമന ഉത്തരവും കൊടുത്തിട്ടുണ്ട്. പക്ഷേ പ്രശ്നം അവിടെ ട്രേഡ് യൂണിയനുകളില്ലാം, ഏതു രാഷ്ട്രീയ പാർട്ടിയുടേത് എന്നില്ല, ഇവരെ അവിടെ മാറുകയില്ലെന്നുള്ള വലിയ വാശിയിലാണ്. എന്ത് consequence-നേയും അവർ നേരിടാൻ തയ്യാറാണ്, ഇവരെ അവിടെ കയറില്ല എന്നുള്ള നിലപാടാണ്. അവർ നിരന്തരമായി നിവേദനം ചെയ്യുന്നു എന്നുമാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ resistance ഉണ്ട്. ഏതായാലും ഗവൺമെൻറിൻെറ സ്റ്റാൻഡ് ഇതാണ്, ഗവൺമെൻറിൻെറ തീരുമാനമാണ് ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കള്ളുഷാപ്പുകളിൽ കൊടുക്കണമെന്നുള്ളത്. അതുകൊണ്ടാണ് 4015 പേർക്ക് നിയമനം കൊടുത്തത്. പക്ഷേ ഹൈക്കോടതിയിൽ ഇവരെ എടുക്കാതിരിക്കുന്നതിന് അവർ കേസിനുപോയി, അത് ഹൈക്കോടതി തള്ളി. പക്ഷേ അവർ മേയ് 2-ാം തീയതി സുപ്രീംകോടതിയിൽ കേസ് കൊടുത്തു. അതിനു സ്റ്റേ ഓർഡർ കൊടുത്തിട്ടുണ്ട്, ആ സ്റ്റേ vacate ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ്സിന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കോമ്പൻസേഷൻ കൊടുത്തുവിടണമെന്നു പറഞ്ഞാൽ ഇവർ കോമ്പൻസേഷൻ കൊടുത്തു പിരിച്ചുവിട്ടവരാണ്. ട്രേഡ് യൂണിയനുകൾ പറയുന്ന ഏകകാര്യം ഇതാണ്. എല്ലാവർക്കും 30,000 രൂപയോ മറേറാ കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിട്ടവരാണ്. അതുകൊണ്ട് ഇവരെ പിന്നെ എന്തിനാണ് എടുക്കണമെന്നാണ് ട്രേഡ് യൂണിയനുകൾ ചോദിക്കുന്നത്. ഏതായാലും ഞാൻ അതിൻെറ മെറിറ്റിലേയ്ക്കൊന്നും പോകുന്നില്ല. ഗവൺമെൻറ് തീരുമാനം നടപ്പിലാക്കുന്നതിന് ചെയ്യേണ്ട എല്ലാ നടപടികളും സ്വീകരിക്കും.

(17) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. എം. അഗസ്തി: സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. ഞാനിവിടെ ഭരണപക്ഷത്ത് ഇരിക്കുന്നതുകൊണ്ട് എനിക്ക് അടിയന്തിര പ്രമേയമായി കൊണ്ടുവരാൻ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എൻെറ നിയോജകമണ്ഡലത്തിലെ 50,000-ത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന 18 തേയില തോട്ടങ്ങൾ മാനേജുമെൻറ് ഉപേക്ഷിച്ചുപോയതിനാൽ വർഷങ്ങളായി ആ തോട്ടങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. ഇപ്പോൾ എല്ലാം ചോർന്നൊലിച്ചുകൊണ്ടിരിക്കുകയാണ്. പല ലയങ്ങളും ഇടിഞ്ഞുവീഴുന്ന അവസ്ഥയിലാണ്. നാലുവർഷംമുമ്പ് ഉടമ ഉപേക്ഷിച്ചുപോയ പീരുമേട് ടീ കമ്പനിയിലെ 150-ഓളം തൊഴിലാളികൾ താമസിച്ചുകൊണ്ടിരിക്കുന്ന രണ്ട് ലയങ്ങൾ ഒരാഴ്ചമുമ്പ് ഇടിഞ്ഞുവീണതിനെത്തുടർന്ന് അവരെ തൊട്ടടുത്തുള്ള ചീന്തലാർ സ്കൂളിലേയ്ക്ക് മാറി പാർപ്പിച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ എല്ലാ സ്കൂളുകളും ഒരാഴ്ചയ്ക്കുശേഷം ഇന്ന് തുറന്നു. പക്ഷേ ചീന്തലാർ സ്കൂൾ മാത്രം തുറക്കാൻ കഴിഞ്ഞില്ല. കാരണം തൊഴിലാളികൾ ആ ക്യാമ്പിൽ താമസിച്ചു കൊണ്ടിരിക്കുകയാണ്. ഇത് എൻെറ നിയോജകമണ്ഡലത്തിലെ ഒരു പൊതുവായ സ്ഥിതിയാണ്. അതീവ ഗുരുതരമായ കാലവർഷത്തിനിടയിൽ അടിയന്തിര സഹായം ഗവൺമെൻറ് നൽകുകയും തോട്ടം ഉടമകളെക്കൊണ്ട് അത്യാവശ്യം അറ്റകുറ്റപ്പണികൾ ചെയ്യിക്കുകയും ചെയ്തില്ലെങ്കിൽ പ്രവചിക്കാനാകാത്ത ദുരന്തങ്ങളുണ്ടാകുമെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഗവൺമെൻറും ബഹുമാനപ്പെട്ട മന്ത്രിയും ഈ പ്രശ്നത്തിൻെറ ഗുരുതരാവസ്ഥ മനസ്സിലാക്കിക്കൊണ്ട് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടി പറയുന്നു. ഇത് ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളുടെ സ്ഥിതിയാണെങ്കിൽ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റബ്ബർ എസ്റ്റേറ്റുകൾ, റബ്ബർ എസ്റ്റേറ്റുകൾ ഇപ്പോൾ നഷ്ടത്തിലല്ല, അവർപോലും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly